श्रीचित्रातिरुनालआयुर्विज्ञानऔरप्रौद्योगिकीसंस्थान, तिरुवनन्तपुरम – 695 011, केरल, भारत

SREE CHITRA TIRUNAL INSTITUTE FOR MEDICAL SCIENCES AND TECHNOLOGY (SCTIMST)

THIRUVANANTHAPURAM – 695 011, KERALA, INDIA

(An Institute of National Importance under DST; Government of India)

(भारतसरकारकेअधीनएकराष्ट्रीयमहत्वकासंस्थान)

www.sctimst.ac.in

Press Release (26.3.2022 V1 & 09.04.22 V2)

*“അപസ്മാരം ആരിൽ നിന്നും അകലെ അല്ല, അപസ്മാരം ബാധിച്ചവരോ അല്ലെങ്കിൽ അപസ്മാര രോഗം ബാധിച്ച ഒരാളെ എങ്കിലും നമുക്കെല്ലാവർക്കും അറിയാം. തലച്ചോറുള്ള ആർക്കും അപസ്മാരം ഉണ്ടാകാം, തലച്ചോറുള്ള ആർക്കും അപസ്മാരം ബാധിച്ചവരെ സഹായിക്കാനാകും”. (പ്രൊഫസർ ഡോ. ആശാലത രാധാകൃഷ്ണൻ, ആർ. മാധവൻ നായർ സെന്റർ ഫോർ കോംപ്രിഹെൻസീവ് എപിലെപ്സി കെയർ സെന്റർ)*

**“ഇൻററർനാഷണൽ പർപ്പിൾ ഡേ- 2022:,**

2022 മാർച്ച് 25, 26 തീയതികളിൽ, ന്യൂറോളജി വകുപ്പിന് കീഴിലുള്ള ആർ. മാധവൻ നായർ സെന്റർ ഫോർ കോംപ്രിഹെൻസീവ് എപിലെപ്സി കെയർ സെന്ററിന്റെ (ആർഎംഎൻസി) നേതൃത്വത്തിൽ അപസ്മാര രോഗികൾക്കും, പരിചരണം നൽകുന്നവർക്കും ,മെഡിക്കൽ സമൂഹത്തിനും, പൊതുജനങ്ങൾക്കുമായി വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു. പൊതുജന അവബോധം വളർത്തുകയും അപസ്മാരവുമായി ബന്ധപ്പെട്ട ഭയവും കളങ്കവും തടയുകയും ചെയ്യുക എന്നതായിരുന്നു ലക്ഷ്യം .

ആർ. മാധവൻ നായർ സെന്റർ ഫോർ കോംപ്രിഹെൻസീവ് എപിലെപ്സി കെയർ സെന്റർ (ആർ.എം.എൻ.സി.) ഭാരതത്തിലെയും ദക്ഷിണേഷ്യയിലെയും ഏറ്റവും മികച്ച ചികിത്സാ കേന്ദ്രമാണ്, അപസ്മാരത്തിനുള്ള ശസ്ത്രക്രിയ ഉൾപ്പെടെയുള്ള സമഗ്രമായ ചികിത്സ, അപസ്മാരം ബാധിച്ച രോഗികളുടെ ബോധവൽക്കരണം, ക്ഷേമം എന്നിവ നൽകുന്നു. സമഗ്രമായ പരിചരണ സമീപനത്തിലൂടെ അപസ്മാര പരിചരണം സുഗമമാക്കുന്നതിനും, ക്ഷേമം വർദ്ധിപ്പിക്കുന്നതിനും ഈ കേന്ദ്രം പ്രവർത്തിച്ചു വരുന്നു .

ശ്രീ ചിത്രയിലെ ആർഎംഎൻസിയുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഡോ. ആശാലത രാധാകൃഷ്ണൻ പരിപാടിയുടെ ഉത്ഘാടനം നിർവഹിച്ചു.

കാനഡയിൽ നിന്നുള്ള ഒമ്പതു വയസ്സുകാരി കാസിഡി മേഗൻ, അപസ്മാരം ബാധിച്ചവരെക്കുറിച്ച് അവബോധം വളർത്താൻ സഹായിക്കാനും, അപസ്മാരം ബാധിച്ച ആരും തനിച്ചല്ലെന്ന് ഉറപ്പാക്കാനും തീരുമാനിച്ചു. അപസ്മാരത്തിന് അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട പുഷ്പമായ 'ലാവെൻഡറിന്റെ നിറത്തിന്റെ പേരിലാണ്' അവൾ ഈ ആശയത്തിന് മാർച്ച് 26 നു പർപ്പിൾ ഡേ എന്ന് പേരിട്ടത്,

ലോകമെമ്പാടും 'പർപ്പിൾ ഡേയ്ക്ക്' ആളുകളെ 'പർപ്പിൾ റിബ്ബൺ' ധരിക്കാനും വിവിധ രാജ്യങ്ങളിൽ അപസ്മാര ബോധവൽക്കരണത്തെ പിന്തുണച്ച് പരിപാടികൾ സംഘടിപ്പിക്കാനും ദിനം ഉപയോഗിക്കുന്നു ,100-ലധികം രാജ്യങ്ങളിൽ നിലവിൽ 'പർപ്പിൾ ഡേ' ആഘോഷിക്കുന്നു. അപസ്മാര ബാധിതരായ എല്ലാവരെയും സഹായിക്കുന്നതിന് 'അവബോധ പ്രവർത്തന കാമ്പെയ്നുകൾ' സംഘടിപ്പിക്കേണ്ട ആവശ്യകത, മെഡിക്കൽ സോഷ്യൽ വർക്കർ ശ്രീ ശിശിർ രാജ് ഉത്ഘാടന സഭയിൽ സ്വാഗതം ആശംസിച്ചുകൊണ്ട് പറഞ്ഞു.
അപസ്മാര രോഗത്തിന്റെ ലക്ഷണങ്ങൾ പഠിക്കാൻ സമൂഹത്തിനെ പ്രോത്സാഹിപ്പിക്കുക, രോഗം വരുമ്പോൾ മറ്റുള്ളവർ എങ്ങനെ ആ സന്ദർഭം നേരിടണം, രോഗിക്ക് എങ്ങനെ സുരക്ഷിതാവസ്ഥ ഒരുക്കണം തുടങ്ങിയ പ്രഥമ ശുശ്രൂഷ പാഠങ്ങൾ ശ്രീ ചിത്രയിലെ അപസ്മാര വിഭാഗം ന്യൂറോളജിസ്റ് ആയ അഡീഷണൽ പ്രൊഫസർ ഡോ. രാംശേഖർ എൻ മേനോൻ സദസ്സിനു മനസ്സിലാക്കി കൊടുത്തു.

അപസ്മാര രോഗത്തെ കുറിച്ച് നിലവിൽ വലിയ ഒരു വിഭാഗം ജനങ്ങളുടെ ഇടയിൽ ഒരുപാട് കെട്ടുകഥകൾ ഉണ്ട്. "പർപ്പിൾ ഡേ" എന്ന അപസ്മാര ബോധവൽക്കരണ പരിപാടികൾ അപസ്മാരം കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചുള്ള അറിവ് വർദ്ധിപ്പിക്കുന്നതിന് രോഗികളെയും അവരുടെ കുടുംബങ്ങളെയും ബോധവൽക്കരിക്കും. അപസ്മാരം മനസ്സിലാക്കേണ്ടത് എത്ര പ്രധാനമാണെന്ന് അറിയുവാൻ, വർഷത്തിൽ ഒരിക്കൽ നടക്കുന്ന "പർപ്പിൾ ഡേ" അവസരമൊരുക്കുന്നു എന്ന് പേഷ്യന്റ് എജ്യുക്കേഷൻ വെബിനാറുകളിൽ സംസാരിച്ച വിദഗ്ദ്ധർ അഭിപ്രായപ്പെട്ടു. മലയാളികൾക്കും മറ്റു ഭാഷ രോഗികൾക്കുമായി രണ്ടു വെബ്ബിനാറുകൾ ഈ ദിനം ശ്രീ ചിത്രയിൽ സംഘടിപ്പിച്ചിരുന്നു.

അസോസിയേറ്റ് പ്രൊഫസർ ഡോ.അജിത് ചെറിയാൻ, അസിസ്റ്റന്റ് പ്രൊഫസർ ഡോ.ഹരി കൃഷ്ണൻ കൂടാതെ ഡോ. ജിത്തു ജോസ്, ഡോ. ഹരിണി പാവുലൂരി (അപസ്മാരത്തിൽ പോസ്റ്റ് ഡോക്ടറൽ ഫെലോകൾ) എന്നിവർ വെബ്ബിനാറുകളിൽ പങ്കെടുക്കുകയും സദസ്സിനെ ബോധവത്ക്കരിക്കുകയും ചെയ്തു.

ശ്രീ ചിത്രയിലെ വിദ്യാർത്ഥികളും ജീവനക്കാരും 'ലോക പർപ്പിൾ ദിന'വുമായി ബന്ധപ്പെട്ട 'പോസ്റ്റർ മത്സരത്തിൽ' പങ്കെടുത്തു. അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ ഡോ മഞ്ജു നായർ പോസ്റ്ററുകൾ വിലയിരുത്തി വിജയികളെ പ്രഖ്യാപിച്ചു.

ശ്രീ ചിത്ര 'ആയുഷ് വെൽനസ് യോഗ ക്ലിനിക്കിന്' കീഴിൽ, രോഗികൾക്കും പരിചരണം നൽകുന്നവർക്കും ജീവനക്കാർക്കും പ്രയോജനത്തിനായി യോഗ പരിശീലകയായ ശ്രീമതി രാധിക, അപസ്മാര രോഗ പ്രതിരോധത്തിന് ഗുണപ്രദമായതും, മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും ഉതകുന്ന ധ്യാനം , പ്രാണായാമം , വിവിധ വിശ്രമ-യോഗാസന രീതികൾ പരിശീലിപ്പിച്ചു.

ന്യൂറോളജിസ്റ്റുകൾ, ന്യൂറോ ടെക്നോളജിസ്റ്റുകൾ, സ്പീച്ച് തെറാപ്പിസ്റ്റുകൾ, സൈക്കോളജിസ്റ്റുകൾ, നഴ്സിംഗ് ഓഫീസർമാർ, മെഡിക്കൽ സോഷ്യൽ വർക്കർമാർ, മെഡിക്കൽ ചിത്രീകരണ ഓഫീസ് സ്റ്റാഫ് , ആയുഷ് വെൽനസ് യോഗ ക്ലിനിക്, അപസ്മാര രോഗ ബാധിതർ, പരിചരണം നൽകുന്നവർ, വിദ്യാർത്ഥികൾ, പബ്ലിക് റിലേഷൻസ് ഓഫീസ് എന്നിവ ഉൾപെടുന്നതായിരുന്നു ശ്രീ ചിത്രയിലെ പർപ്പിൾ ഡേ ടീം.

ചിത്രങ്ങൾ:







Epilepsy can happen to anyone
Calm
Cushion
Call
Epilepsy Awareness Day
"Purple Day"
PURPLE DAY
I AM STRONG ENOUGH TO WIN THIS BATTLE
BRAIN







FILM/CD SCANING ROOM





